## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5702      03.11.2016-ൽ മറുപടിയ്ക്ക്

### കെ.എസ്.എഫ്.ഡി.സി.തീയറ്ററുകളിൽ നാടകവേദി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡി.കെ.മുരളി | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ നിർമ്മിക്കുന്ന സിനിമാ തിയറ്ററുകളിൽ പ്രൊഫഷണൽ നാടകങ്ങൾ അവതരിപ്പിക്കാനുള്ള വേദി കൂടി ഉൾപ്പെടുത്തുമോ; | (എ) കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സിനിമ തീയേറ്ററുകളിൽ പ്രൊഫഷണൽ നാടകങ്ങൾ അവതരിപ്പിക്കുന്നതിനുള്ള വേദി കൂടി ഉൾപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) നാടകങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്? | (ബി) കേരള സംഗീത നാടക അക്കാദമി നാടകങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അമേച്വർ നാടകമത്സരം സംഘടിപ്പിക്കുകയും മികച്ച നാടകം, രചന, സംവിധാനം, നടൻ, നടി എന്നിവർക്ക് പുരസ്കാരം നൽകുകയും ചെയ്യുന്നു. മികച്ച നാടകം കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ അവതരണചെലവ് നൽകി അവതരിപ്പിക്കുകയും ചെയ്യുന്നു. കഴിഞ്ഞ വർഷം ലഘുനാടകമത്സരം സംഘടിപ്പിക്കുകയും മികച്ച 6 നാടകങ്ങൾക്ക് 50,000/-രൂപ സബ്സിഡി നൽകുകയും ചെയ്തിട്ടുണ്ട്. |

പ്രൊഫഷണൽ നാടകമത്സരം സംഘടിപ്പിക്കുകയും വിജയികൾക്ക് പുരസ്കാരങ്ങൾ നൽകുകയും ചെയ്യുന്നു. കഴിഞ്ഞ വർഷം തെരഞ്ഞെടുത്ത 10 നാടകസമിതികൾക്ക് 1 ലക്ഷം രൂപ സബ്സിഡി നൽകിയിട്ടുണ്ട്.

നാടകത്തിന്റെ വിവിധ മേഖലകളായ അഭിനയം, മേക്കപ്പ്, ലൈറ്റ് എന്നിവയ്ക്ക് പ്രത്യേകം പ്രത്യേകം ശില്പശാലകൾ സംഘടിപ്പിക്കാറുണ്ട്. കേരളത്തിലെ നാടകപ്രവർത്തകർക്ക് ലോകനാടകത്തെ ക്കുറിച്ച് മനസ്സിലാക്കുന്നതിനായി എല്ലാ വർഷവും അന്താരാഷ്ട്ര നാടകോത്സവം സംഘടിപ്പിക്കുന്നുണ്ട്. ഏകപാത്രനാടകങ്ങൾ സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം പ്രത്യേകമായി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

മികച്ച നാടകപ്രതിഭകളെ അവാർഡ്, ഗുരുപൂജ പുരസ്കാരം, ഫെലോഷിപ്പ് എന്നിവ നൽകി ആദരിക്കാറുണ്ട്.

ഈ സർക്കാർ പുതുതായി 14 ജില്ലകളിലും ആരംഭിക്കുന്ന സാംസ്കാരിക സമുച്ചയങ്ങളിൽ നാടകാവതരണത്തിനുള്ള സ്ഥിരം വേദികളും സജ്ജമാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ